**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1633** | **17/06/2013 -ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് സെക്രട്ടേറിയറ്റ് സാനിട്ടേഷൻ വിഭാഗത്തിലെ ജീവനക്കാരിയുടെ സസ്പെൻഷൻ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി.ശിവൻകുട്ടി** | **ശ്രീ.ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ സാനിട്ടേഷൻ വിഭാഗത്തിൽ ബധിരയും മൂകയുമായ ബീന എന്ന ജീവനക്കാരിയെ സസ്പെന്റു ചെയ്യാനിടയായ കാരണം വ്യക്തമാക്കുമോ; | എ) ബധിരയും മൂകയുമായ ശ്രീമതി. ബീനയ്ക്ക് അവരുടെ വൈകല്യം കണക്കിലെടുത്ത് വളരെ ചെറിയ സ്ഥലങ്ങളാണ് വൃത്തിയാക്കാൻ നൽകിയിരുന്നത്. ഏല്പിക്കുന്ന ചുമതലകൾ കൃത്യമായി നിർവ്വഹിക്കാറില്ലെന്നു മാത്രമല്ല, സഹപ്രവർത്തകരോടും മേലുദ്യോഗസ്ഥരോടും വളരെ മോശമായാണ് പെരുമാറുന്നതെന്ന് നിരന്തരം പരാതി ലഭിക്കാറുണ്ടായിരുന്നു. എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ടിയാൾക്കെതിരെ നടപടി സ്വീകരിക്കാറില്ലായിരുന്നു. ഏറ്റവും ഒടുവിലായി സഹപ്രവർത്തകയെ ആക്രമിച്ചു പരിക്കേൽപ്പിച്ച സംഭവത്തെ തുടർന്നാണ് ശ്രീമതി. ബീനയെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തത്. ഈ നടപടി തികച്ചും ന്യായയുക്തമാണെന്നു കരുതുന്നു. |
| ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആശാലത എന്ന ജീവനക്കാരിയെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് അസിസ്റ്റന്റ് എന്നിവർക്കെതിരെ നടപടി സ്വീകരിക്കുമോ? | ബി) ഉദിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**